<u>**15 -ാം കേരള നിയമസഭ**</u>

<u>**10 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2711**</u> <u>**13-02-2024 - ൽ മറുപടിയ്ക്ക്**</u>

<u>**സംരംഭകത്വ ലൈസൻസിന്റെ ദുരുപയോഗം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് അനുവദിക്കുന്ന മൂന്ന് വർഷത്തേക്കുള്ള അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റിന്റെ മറവിൽ ജനദ്രോഹത്തിനും പരിസ്ഥിതി നാശത്തിനും വഴിയൊരുക്കുന്ന തരത്തിൽ ചില സംരംഭകർ വ്യവസായത്തിന്റെ സ്വഭാവം മാറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അപേക്ഷകർ സ്വയ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തി അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് നേട് പ്രവർത്തനം തുടങ്ങിയതിന് ശേഷ സംരംഭത്തിന്റെ സ്വഭാവം സംബന്ധി പരാതികൾ ലഭിച്ച ചില കേസുക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തു പരാതികളിന്മേൽ ഉചിതമായ അന്വേഷണ നടത്തി നടപടികൾ സ്വീകരിക്കുകയു ചെയ്തിട്ടുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ, ആവശ്യമെങ്കി അനുമതി റദ്ദ് ചെയ്യുന്നതിനുള്ള നടപടികള സ്വീകരിച്ചിട്ടുണ്ട്. അക്നോളഡ്ജ്മെന് സർട്ടിഫിക്കറ്റ് എടുക്കുമ്പോൾ ആക്ടിവിറ്റ് സർവ്വീസ് ആണെന്ന സാക്ഷ്യപ്പെടുത്തിക്കൊണ്ട് ചില സംരംഭക ട്രേഡിംഗ് നടത്തുന്നതായി ശ്രദ്ധയി വന്നിരുന്നു. ചിക്കൻ സെന്റർ എന്ന പേരി അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് എടുത്ത പ്രവർത്തനം ആരംഭിച്ച ഒ സ്ഥാപനത്തിനെതിരെ വന്ന പരാതിയുട അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (ബി) | ഇത്തരം കേന്ദ്രങ്ങളിൽ പ്രസ്തുത സർട്ടിഫിക്കറ്റ് പ്രകാരം അനുവദിച്ച വ്യവസായം തന്നെയാണോ നടത്തുന്നതെന്ന് വ്യവസായ വകുപ്പ് പരിശോധന നടത്താറുണ്ടോ; വിശദമാക്കുമോ; | (ബി) | 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിലെ വകുപ്പ് 6(2) പ്രകാരം അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്ന യൂണിറ്റുകളിൽ 3 വർഷ കാലയളവിലേയ്ക്ക് ആക്റ്റിൽ നിർവചിച്ചിട്ടുള്ള പ്രകാരമുള്ള അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ |

| | | | |
|---|---|---|---|
| | | | അതുമായി ബന്ധപ്പെട്ടോ ഏതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സർട്ടിഫിക്കറ്റ് പ്രകാരം അനുവദിച്ചതിന് വിരുദ്ധമായി ജനദ്രോഹത്തിനും പരിസ്ഥിതി നാശത്തിനും വഴിയൊരുക്കുന്ന വ്യവസായമാണ് നടത്തുന്നതെങ്കിൽ വ്യവസായ വകുപ്പ് ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (സി) | കെ-സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരം അനുവദിച്ചതിനു വിരുദ്ധമായ വ്യവസായമാണ് നടത്തുന്നതെന്ന് പരാതി ലഭിക്കുന്ന സാഹചര്യങ്ങളിൽ, അത്തരം പരാതികളെക്കുറിച്ച് അന്വേഷണം നടത്തി നിയമപരമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. 2019-ലെ നിയമത്തിലെ വകുപ്പ് 8-ന്റെ (1), (2), (3) ഉപവകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. വകുപ്പ് 8(1) പ്രകാരം എതെങ്കിലും വ്യവസായ സ്ഥാപനം, നോഡൽ എജൻസി മുമ്പാകെ നൽകിയിട്ടുള്ള സ്വയം സാക്ഷ്യപത്രത്തിലെ എതെങ്കിലും നിബന്ധനകളോ, ഉപാധികളോ ലംഘിച്ചിട്ടുണ്ടെന്ന് നോഡൽ ഏജൻസി കാണുന്ന പക്ഷം, അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിന് നോട്ടീസ് നൽകിയതിന് ശേഷവും വ്യവസായ സ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ അത് പരിഗണിച്ചതിനു ശേഷവും പ്രസ്തുത വ്യവസായ സ്ഥാപനത്തിനുമേൽ അഞ്ചു ലക്ഷം രൂപയിൽ കവിയാതെയുള്ള ഒരു തുക പിഴയായി ചുമത്താവുന്നതാണ്. |
| (ഡി) | മൂന്ന് വർഷത്തേക്കുള്ള അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രവർത്തിക്കുന്ന ഇത്തരം വ്യവസായ സംരംഭങ്ങൾ പരിശോധിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതിയുണ്ടോ; ഇല്ലെങ്കിൽ ചില സംരംഭകർ വ്യവസായത്തിന്റെ പ്രവർത്തന രീതി മാറ്റിയാൽ ആയത് പരിശോധിക്കാൻ ചുമതലപ്പെട്ടവർ ആരാണെന്ന് വിശദമാക്കുമോ? | (ഡി) | കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിന്റെ വകുപ്പ് 6(2) പ്രകാരം കെ-സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ സംരംഭകരുടെ സ്ഥാപനങ്ങളിൽ അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് സാധാരണ നിലയിൽ 3 വർഷത്തേക്ക് പരിശോധന നടത്തുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിശോധനയും ഈ വ്യവസ്ഥക്ക് വിധേയമാണ്. എന്നാൽ കെ-സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനായി സംരംഭകൻ സമർപ്പിച്ചിട്ടുള്ള സ്വയംസാക്ഷ്യപത്രത്തിലെ എന്തെങ്കിലും നിബന്ധനകളോ ഉപാധികളോ ലംഘിച്ചിട്ടുണ്ടെന്നു നോഡൽ ഏജൻസി (ജില്ലാ തല സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്) കാണുന്ന പക്ഷം നോഡൽ ഏജൻസിക്ക് അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിനെതിരെ നിയമ പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ